File No.LSGD-EPA3/37/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ മഹേഷ്.കെ.എൻ ന്റെ മാതാവിന്റ ചികിത്സയ്ക്ക് തൃശ്ശൂർ സൺ മെഡിക്കൽസ് ആന്റ് റിസർച്ച് സെന്ററിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.61/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/01/2021

പരാമർശം:- 1 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.

2 ശ്രീ മഹേഷ്.കെ.എൻ ന്റെ 22.05.2017 ലെ അപേക്ഷയും ബില്ലുകളും.

3 പഞ്ചായത്ത് ഡയറക്ടറുടെ 11.10.2018-ലെ എഫ്2.8924/18, 20.01.2020-ലെ PAN/78/ 2020-F2(DP)നമ്പർ കത്തുകൾ.

4 പിരായിരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.05.2017-ലെ 5(8)-ാം നമ്പർ തീരുമാനം.

5 ജില്ലാ മെഡിക്കൽ ഓഫീസറുടെ 21.12.2019 ലെ സി3/13331/2019(എൽ.ഡിസ്)നം.കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ സീനിയർക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ മഹേഷ്.കെ.എൻ ന്റെ മാതാവിന്റ ചികിത്സയ്ക്ക് തൃശ്ശൂർ സൺ മെഡിക്കൽസ് ആന്റ് റിസർച്ച് സെന്ററിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ ജില്ലാ മെഡിക്കൽ ഓഫീസർ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 7,983/- രൂപയുടെ 80% ശതമാനമായ 6,386/- രൂപ (ആറായിരത്തി മുന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക പിരായിരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ മഹേഷ്.കെ.എൻ-ന്റെ മാതാവിന്റ ചികിത്സയ്ക്ക് തൃശ്ശൂർ സൺ മെഡിക്കൽസ് ആന്റ് റിസർച്ച് സെന്ററിൽ ചികിത്സ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 18.02.2017 മുതൽ 28.02.2017 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക്

ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 7,983/- രൂപയുടെ 80% ശതമാനമായ 6,386/- രൂപ (ആറായിരത്തി മുന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ പിരായിരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്
------

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, പിരായിരി ഗ്രാമപഞ്ചായത്ത്, പാലക്കാട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ മഹേഷ്.കെ.എൻ,സീനിയർ ക്ലാർക്ക്, പിരായിരി ഗ്രാമപഞ്ചായത്ത്, പാലക്കാട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ആരോഗ്യ വകുപ്പ്( 22.07.2019-ലെ G2/469/2019//H&FWD നം. കുറിപ്പ് പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No. 37/EPA3/2019/LSGD).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ